# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 7799 23.07.2012 - ൽ മറുപടിയ്ക്ക്

## കലവറയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. എം. പി. വിൻസെന്റ്<br>ശ്രീ. കെ. അച്ചുതൻ<br>ശ്രീ. വി. റ്റി. ബൽറാം | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) നിർമ്മിതിയുടെ നേതൃത്വത്തിലുള്ള കലവറയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം; | എ) എല്ലാ ജില്ലകളിലും കലവറയുടെ കേന്ദ്രങ്ങൾ ആരംഭിക്കുക എന്ന ഉദ്ദേശത്തോടെ 2011-12 സാമ്പത്തിക വർഷം 140 ലക്ഷം രൂപയാണ് അനുവദിച്ചത്. അതിന്റെ ഭാഗമായി നിലവിൽ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കീഴിൽ തിരുവനന്തപുരം, കൊല്ലം, കോട്ടയം (പാല), എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ കലവറയുടെ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.<br>ഇതു കൂടാതെ തൃശൂർ, മലപ്പുറം, കൊല്ലം, ആലപ്പുഴ, കാസർഗോഡ്, കോട്ടയം, പാലക്കാട് എന്നീ ജില്ലകളിൽ ജില്ലാ നിർമ്മിതി കേന്ദ്രങ്ങളുടെ കീഴിൽ കലവറകൾ പ്രവർത്തിച്ചു വരുന്നുണ്ട്.<br><br>സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കീഴിൽ പത്തനംതിട്ട (അടൂർ), ആലപ്പുഴ (ചെട്ടിക്കുളങ്ങര) പാലക്കാട് (ചിറ്റൂർ) എന്നീ ജില്ലകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി കലവറ തുറന്നു പ്രവർത്തിക്കുന്നതിന് സജ്ജമായിട്ടുണ്ട്. ഇടുക്കി, വയനാട് ജില്ലകളിൽ യഥാക്രമം മുട്ടം, മാനന്തവാടി, എന്നിവിടങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കണ്ണൂർ ജില്ലയിൽ കലവറ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| ബി) | എന്തെല്ലാം കെട്ടിട നിർമ്മാണ സാധനങ്ങളാണ് കലവറ വഴി ന്യായ വിലയ്ക്ക് വിൽക്കുന്നത്; വിശദമാക്കുമോ; | ബി) | മണൽ, സിമന്റ്, കമ്പി, മുതലായ സാധനങ്ങളാണ് കലവറ വഴി ന്യായവിലക്കു വിൽക്കുന്നത്. |
| സി) | എല്ലാ ജില്ലകളിലും കലവറ ആരംഭിക്കുന്ന കാര്യം ആലോചനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | സി) & ഡി) | ഉണ്ട്. അതിന്റെ ഭാഗമായി നിലവിൽ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കീഴിൽ തിരുവനന്തപുരം, കൊല്ലം, കോട്ടയം (പാല), എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ കലവറയുടെ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.<br><br>ഇതു കൂടാതെ തൃശൂർ, മലപ്പുറം, കൊല്ലം, ആലപ്പുഴ, കാസർഗോഡ്, കോട്ടയം, പാലക്കാട് എന്നീ ജില്ലകളിൽ ജില്ലാ നിർമ്മിതി കേന്ദ്രങ്ങളുടെ കീഴിൽ കലവറകൾ പ്രവർത്തിച്ചു വരുന്നുണ്ട്.<br><br>സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കീഴിൽ പത്തനംതിട്ട (അടൂർ), ആലപ്പുഴ (ചെട്ടിക്കുളങ്ങര), പാലക്കാട് (ചിറ്റൂർ) എന്നീ ജില്ലകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി കലവറ തുറന്നു പ്രവർത്തിക്കുന്നതിന് സജ്ജമായിട്ടുണ്ട്. ഇടുക്കി, വയനാട് ജില്ലകളിൽ യഥാക്രമം മുട്ടം, മാനന്തവാടി എന്നിവിടങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കണ്ണൂർ ജില്ലയിൽ കലവറ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>2012-2013 സാമ്പത്തിക വർഷം പുതിയ കലവറകൾ കൂടി ആരംഭിക്കുന്നതിന് പദ്ധതി വിഹിതത്തിൽ തുക വകയിരുത്തിയിട്ടുണ്ട്. |
| ഡി) | ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ? | | |

സെക്ഷൻ ഓഫീസർ